Prohibition to Depressed Classes in Malipuram.

176. മിസ്റ്റർ കെ. പി. വള്ളോൻ.—മാലിപ്പുറം നിവാസികളായ ഏതാനും അധഃകൃതരോട് അവിടെ പതിച്ചുകൊടുത്തിട്ടുള്ള സ്ഥലത്തു പ്രവേശിച്ചുകൂടായെന്ന് സംരക്ഷകൻ അയച്ചിരിക്കുന്ന കുഞ്ഞുണ്ണി എന്ന വാർഡൻ ഓർഡർ കൊടുക്കുവാനുള്ള കാരണമെന്തു്;

(b) ടി വാർഡനു് സംരക്ഷകൻ എന്തെല്ലാം അധികാരം കൊടുത്തിട്ടുണ്ടു്; കൊടുത്തിട്ടുള്ള അധികാരങ്ങളുടെ ഒരു ലിസ്റ്റ് ഇതുമേശപ്പുറത്തു വയ്ക്കാമൊ?

രാമവർമ്മതമ്പുരാൻ.—വാർഡൻ ഇങ്ങിനെ ഒരു കല്പനകൊടുത്തിട്ടില്ല.

(d) സാധാരണ വാർഡന്മാർക്കു ഇല്ലാത്തതായ യാതൊരു അധികാരങ്ങളും ഈ വാർഡനു് കൊടുത്തിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡൻ ഇങ്ങിനെ ഒരു ഓർഡർ കൊടുത്തിട്ടില്ലെന്നു് മറുപടി പറഞ്ഞിരിയ്ക്കുന്നു: ഈ അറിവു് ആരിൽനിന്നാണു് ലഭിച്ചതെന്നറിഞ്ഞാൽ കൊള്ളാം?

രാമവർമ്മതമ്പുരാൻ.—പ്രൊട്ടക്ടരിൽ നിന്നു്.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്നാൽ അതു് വാസ്തവമല്ല. വാർഡൻ എഴുതികൊടുത്തിരിയ്ക്കുന്ന ഒരു കുറിപ്പു് എന്റെ കൈവശമുണ്ടു്.

Rama Varmha Tampuran.—If the Member will forward it with a letter we will make another enquiry about it.

Protector's tour—Makkathaya Thiyya Bill Select Committee Meetings.

177. മിസ്റ്റർ കെ. പി. വള്ളോൻ.—കൊച്ചി മക്കത്തായതീയ്യ ബിൽ സിലക്ടു് കമ്മിറ്റി ഏതേതു തിയ്യതികളിൽ ഏതേതു സ്ഥലത്തുവെച്ചു നടത്തിയെന്നും ടി തിയ്യതികളിൽ അധഃകൃതസംരക്ഷകൻ ഏതേതു സ്ഥലങ്ങളിൽ സന്നിഹിതനായിരുന്നുവെന്നും മറുപടി പറയുവാൻ ഗവർമ്മെണ്ടിനു് ദയവുണ്ടാകുമൊ;

(b) ടി തിയ്യതികളിൽ ട്രാവലിംഗ് അലവൻസ്, ഡെയിലി അലവൻസ് മുതലായവ അധഃകൃതസംരക്ഷകൻ എത്ര സംഖ്യ ഗവർമ്മെണ്ടിൽനിന്നും വാങ്ങീട്ടുണ്ടെന്നും ടി സർക്കീട്ടുകൾ അധഃകൃത ഡിപ്പാർട്ടുമെണ്ടിന്റെ എന്തുവശ്യങ്ങൾക്കുവേണ്ടി ടി തിയ്യതികളിൽ നടത്തിഎന്നും ഗവർമ്മെണ്ടു് ദയവായി ഉത്തരം പറയുമൊ?

രാമവർമ്മതമ്പുരാൻ.—(a) and (b) അനുബന്ധമായിചേർത്തിരിക്കുന്ന പട്ടിക നോക്കുക. (*Appendix V.*)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ.—നല്ലേപ്പിള്ളിയിൽ അദ്ദേഹം ഇല്ലായിരുന്നുവെന്നു ഗവൺമെൻറിനു ധൈര്യമായി പറയുവാൻ സാധിയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—ഏതു സബ്ഡിവിഷനെ കുറിച്ചാണു് ചോദിച്ചതെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.—അപ്പൻറിക്സ് V. രണ്ടാമത്തെ ഭാഗം.

രാമവർമ്മതമ്പുരാൻ.—ഈ ഇൻഫർമേഷനൊക്കെ അദ്ദേഹത്തിൻെറ ഡയറിയിൽനിന്നും കിട്ടിയതാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ.—നല്ലേപ്പിള്ളിയിൽവച്ചു് കമ്മിറ്റി പ്രസിഡൻറും, ഞാനും, മിസ്റ്റർ എം. കെ. രാമനും കണ്ട മാമൻ ചോഹ്ക ഇദ്ദേഹം തന്നെയാണോ?

രാമവർമ്മതമ്പുരാൻ.—എവിടെ വച്ചാണു് ആരാണു് എപ്പോഴാണു കണ്ടിട്ടുള്ളതു് എന്നറിഞ്ഞുകൂടാ. അന്വേഷിയ്ക്കാം.

മിസ്റ്റർ എ. ഈച്ചരമേനോൻ.—നല്ലേപ്പിള്ളിയിൽവച്ചു് മീറ്റിംഗു് നടന്ന ദിവസത്തിലാണു്.

രാമവർമ്മതമ്പുരാൻ.—വിവരങ്ങൾ എഴുതി അയച്ചാൽ അതിനെപ്പറ്റി അന്വേഷിയ്ക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇതിൽ വിജയരാഘവപുരം കാളനി സന്ദർശിയ്ക്കുവാൻ പോയി എന്നു പറയുന്നു. ഏതു സന്ദർഭത്തിലാണു് പോയതു്?

രാമവർമ്മതമ്പുരാൻ.—നോട്ടീസു് വേണം.

Road to connect Aloor Bridge.

178. Mr. P. Krishna Menon.—Will the Government be pleased to state:—

referring to answer to question No. 432 of the last budget session, has any road work to connect the Aloor bridge either to the east or the west been undertaken; if not, why not?

Mr. P. V. Raphael.—There is provision for the work in the current year. The work has been let on contract and will be taken up and completed soon.

Mr. P. Krishna Menon.—Does the contract include extension on either side of the bridge or only one?

Mr. P. V. Raphael.—Chiefly on the western side.

Mr. P. Kumaran Ezhuthassan.—As far as the eastern side is concerned, has the Government aligned the proposed connection?

Mr. P. V. Raphael.—It is only the approaches that are referred to in this question. The eastern side referred to by the Hon'ble Member goes to Keecheri side. That has not been aligned.

LIBRARY ARCHIVES Kerala Legislative Assembly